പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## പോലീസിൽ ഡി.വൈ.എസ്.പി റാങ്കിലെ ഒഴിവുകൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 133 23/01/2018-ൽ മറുപടിക്ക്**

| ചോദ്യം<br>ശ്രീ. പി.കെ.ബഷീർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പോലീസിൽ ഡി.വൈ.എസ്.പി റാങ്കിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി നിലവിൽ ഡി.വൈ.എസ്.പി റാങ്കിലേക്ക് പരിഗണിക്കേണ്ട ഉദ്യോഗസ്ഥരുടെ സെലക്ട് ലിസ്റ്റ് നിലവിലുണ്ടോ ; ടി ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട് വ്യക്തമാക്കാമോ ; | (എ) | ഡി.വൈ.എസ്.പി റാങ്കിൽ 17 ഒഴിവുകൾ നിലവിൽ ഉണ്ട്. ഡി.വൈ.എസ്.പി റാങ്കിലേക്ക് പരിഗണിക്കേണ്ട ഉദ്യോഗസ്ഥരുടെ സെലക്ട് ലിസ്റ്റ് നിലവിലില്ല. |
| (ബി) | ഡി.വൈ.എസ്.പി .മാരായി പ്രമോഷൻ നടത്തുന്നതിന് സാങ്കേതിക തടസ്സം എന്തെങ്കിലുമുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ? | (ബി) | സീനിയോരിറ്റി പുനഃക്രമീകരണത്തിനായി മുൻസർക്കാരിന്റെ കാലത്ത് നിയോഗിച്ച ഷെഫീൻ അഹമ്മദ് കമ്മറ്റി സീനിയോരിറ്റി തർക്കത്തിലുൾപ്പെട്ട എല്ലാ വിഭാഗം ജീവനക്കാരെയും കേൾക്കാതെ പരിഷ്കരിച്ച് പുറത്തിറക്കിയ സബ്. ഇൻസ്പെക്ടർ ഓഫ് പോലീസ് (ജനറൽ എക്സിക്യൂട്ടീവ്) ന്റെ സ്റ്റേറ്റ് വൈഡ് കംബൈൻഡ് സീനിയോരിറ്റി ലിസ്റ്റ് നിയമപരമായി നിലനിൽക്കുന്നതല്ലെന്നും ആയതിനാൽ ഇക്കാര്യത്തിൽ സ്വാഭാവിക നീതി ഉറപ്പാക്കി ബന്ധപ്പെട്ടവരെ നേരിൽ കേട്ടശേഷം തീരുമാനമെടുക്കണമെന്നും ബഹു.ട്രൈബ്യൂണൽ വിധി ന്യായം പുറപ്പെടുവിക്കുകയുണ്ടായി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23/8/2017-ലെ ഒ.എ.നം.2356/2016 ഉത്തരവിനെത്തുടർന്ന് ഡി.വൈ.എസ്.പി തസ്തികയിലേയ്ക്കുള്ള സെലക്ട് ലിസ്റ്റും സീനിയോറിറ്റി ലിസ്റ്റും അസ്ഥിരപ്പെട്ടിട്ടുള്ളതാണ് പ്രമോഷൻ നടത്തുന്നതിനുള്ള സാങ്കേതിക തടസ്സമായിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ